**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1085** **29-08-2022 - ൽ മറുപടിയ്ക്ക്**

**ചപ്പാരപ്പടവിലെ കിണർ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ചപ്പാരപ്പടവിലെ കിണർ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ്; വ്യക്തമാക്കാമോ; | (എ) | നാട്ടുകാരുടെ എതിർപ്പുമൂലവും ചപ്പാരക്കടവ് പഞ്ചായത്തിന്റെ സ്ഥലം കൈയേറി എന്നാരോപിച്ച് പഞ്ചായത്ത് സെക്രട്ടറി പ്രവൃത്തി നിർത്തിവെക്കാനുള്ള സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നതിനാലും പ്രവൃത്തി താൽക്കാലികമായി നിർത്തി വെക്കേണ്ടി വന്നു. പ്രവൃത്തി ഇതുവരെ പുനരാരാഭിച്ചിട്ടില്ല. |
| (ബി) | കിണർ നിർമ്മാണ പ്രവൃത്തി തടസ്സപ്പെടാൻ കാരണം എന്താണ്; അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | നാട്ടുകാരുടേയും പഞ്ചായത്ത് അധികൃതരുടേയും എതിർപ്പാണ് പ്രവൃത്തി തടസ്സപ്പെടാൻ കാരണം. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ബഹു. കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 11.01.2022-ന് ചേർന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണത്തിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പഞ്ചായത്തിന്റേയും പരിസരവാസികളുടേയും എതിർപ്പ് രൂക്ഷമായതിനാലും നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നത് തടയുന്നതിനാലും തൊഴിലാളികൾക്ക് താമസ സൗകര്യം നിഷേധിക്കുന്നതിനാലും ദീർഘ കാലത്തേയ്ക്ക് പോലീസ് സംരക്ഷണത്തിൽ പ്രവൃത്തികൾ കൊണ്ടുപോകുന്നത് ബുദ്ധിമുട്ടാണെന്ന് കോൺട്രാക്ടർ അറിയിച്ചിരുന്നു. മാത്രമല്ല നിലവിലുള്ള കരാർ തുകയിൽ പ്രവൃത്തി തുടരാൻ സാധ്യമല്ലെന്നും കരാർ കാലാവധി കഴിഞ്ഞതിനാൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിത്തരണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടതിനാൽ പ്രസ്തുത കരാർ നിർത്താലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ചപ്പാരപ്പടവ് പഞ്ചായത്തിൽ കാട്ടാമ്പള്ളിയിൽ KIIDC നിർമ്മിക്കുന്ന RCB യുടെ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പുനരാരംഭിച്ചാൽ മാത്രമേ പ്രവൃത്തിയുമായി സഹകരിക്കുകയുള്ളൂ എന്ന് ചപ്പാരപ്പടവ് പഞ്ചായത്ത് അധികൃതരും നാട്ടുകാരും അറിയിച്ചിരുന്നു. RCB യുടെ പ്രവൃത്തിക്ക് ഹൈക്കോടതിയുടെ സ്റ്റേ നിലവിൽ ഉണ്ട്. സ്റ്റേ ഒഴിവാക്കാനുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നാട്ടുകാരുടേയും പഞ്ചായത്ത് അധികൃതരുടെയും ഭാഗത്ത് നിന്നുള്ള എതിർപ്പ് പരിഹരിച്ചതിന് ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ